കേരള സർക്കാർ

നം. 1694/എഫ്എം3/2012/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതിഃ 23.01.2012.

## സർക്കുലർ

വിഷയംഃ- കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത് - സംബന്ധിച്ച്.

സൂചനഃ- 1) 09.01.2012-ൽ തിരുവനന്തപുരം ഗസ്റ്റ്ഹൗസിൽ ബഹുഃ പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി വിളിച്ച് ചേർത്ത യോഗം.
2) കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.01.2012-ലെ 2550/എ/1/11/കെ.എസ്.എസ്.എം. നമ്പർ കത്ത്.
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2.11 തീയതി ഃ 18.01.2012.

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് വേണ്ടി ക്യാൻസർ സുരക്ഷ, താലോലം, കോക്ലിയർ ഇംപ്ലാന്റേഷൻ, ആശ്വാസകിരണം, സ്നേഹ സ്പർശം, സ്നേഹ സാന്ത്വനം, അന്നദായിനി, ഹംഗർഫ്രീ സിറ്റി, വയോമിത്രം തുടങ്ങിയ നിരവധി പദ്ധതികൾ സംസ്ഥാനവ്യാപകമായി മുടക്കം കൂടാതെ നടപ്പാക്കി വരികയാണ്.

വിവിധ ജനക്ഷേമ പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നു. പുതിയ പദ്ധതികൾക്കൊപ്പം വർദ്ധിച്ചു വരുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവ് കാരണം പദ്ധതികളുടെ നടത്തിപ്പിന് തടസ്സം ഉണ്ടാകാതിരിക്കാൻ ആവശ്യമായ ഫണ്ട് സ്വരൂപിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ടി വിഷയം ചർച്ച ചെയ്യുന്നതിലേയ്ക്കായി വിളിച്ച് ചേർത്ത ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിൽ ബഹുഃ പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി മുന്നോട്ടുവച്ച നിർദ്ദേശത്തിൻ പ്രകാരം കുഞ്ഞുങ്ങളുടെ രോഗവും ചികിത്സയുമായി ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും മറ്റ് അടിയന്തിര പ്രാധാന്യമുള്ള പരിപാടികൾക്കും സമയബന്ധിതമായി ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി 11 കോടി രൂപ സ്റ്റാമ്പ് വിൽപ്പനയിലൂടെ സമാഹരിക്കുന്നതിന് മിഷന് സർക്കാർ നൽകിയിട്ടുള്ള അനുമതി പ്രകാരം 100 രൂപ 50 രൂപ 10 രൂപ വിലയുള്ള സ്റ്റാമ്പുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്റ്റാമ്പുകൾ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും, പ്രസ്ഥാനങ്ങൾക്കും, സംരംഭകർക്കും നൽകി ഓരോ ഗ്രാമ പഞ്ചായത്തും നഗരസഭയും മുനിസിപ്പൽ കോർപ്പറേഷനും അൻപതിനായിരം രൂപ എന്ന നിരക്കിൽ പേമെന്റ്

ഗേറ്റ്‌വേയിലേക്ക് സംഭാവന ചെയ്യാൻ സാധിക്കുന്ന തരത്തിൽ ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും നേതൃത്വത്തിൽ ടി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സ്റ്റാമ്പ് ഫണ്ട് സമാഹരണയജ്ഞവുമായി സഹകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഇതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ കൺവീനറും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മറ്റ് ഉചിതാംഗങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്.)
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ധനകാര്യ വകുപ്പ്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ-ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി (എഫ് & ഇ) യുടെ പി.എ-ക്ക്.